# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3897 | 15/12/2014 ൽ മറുപടിക്ക് |
|---|---|

### വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കേസ്സുകളിൽ വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | വിജിലൻസ് കേസ്സുകളിൽ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതുവെ വകുപ്പുതല അന്വേഷണങ്ങൾക്ക് വിജിലൻസ് ബ്യൂറോ ശുപാർശ ചെയ്യുന്നില്ല. മറിച്ച് പ്രോസിക്യൂഷൻ നടപടികളോ വകുപ്പുതല നടപടികളോ ആണ് ശുപാർശ ചെയ്യുന്നത്. വിജിലൻസ് ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അഴിമതി നിരോധന നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ തക്കവിധം കഴമ്പുള്ള ആരോപണങ്ങൾ ഇല്ലാത്തതും എന്നാൽ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ട ലംഘനം, നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ച തുടങ്ങിയവ ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉൾക്കൊള്ളുന്നതുമായ പരാതികൾ വിജിലൻസ് ബ്യൂറോ മറ്റു വകുപ്പുതല വിജിലൻസ് അന്വേഷണ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളുടെ തലവന്മാർക്ക് അയച്ചുകൊടുക്കുന്നുണ്ട്. |
| (ബി) | ഇതുവരെ ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി; എത്ര കേസ്സുകളിൽ അന്വേഷണ റിപ്പോർട്ട് ഡയറക്ടർക്ക് നൽകി; ഡയറക്ടർക്ക് ലഭിച്ച എത്ര റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ; | (ബി) യും (സി) യും | മേൽ വിവരിച്ച പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുന്ന പരാതികളിന്മേലുള്ള വകുപ്പുതല അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ അതാത് വകുപ്പ് തലവൻമാർക്കാണ് അതാത് വകുപ്പുകളിലെ വിജിലൻസ് സെല്ലുകൾ സമർപ്പിക്കുന്നത്. വിജിലൻസ് ഡയറക്ടർക്ക് ഈ റിപ്പോർട്ടുകൾ സമർപ്പിക്കാറില്ല. |
| (സി) | ഏതെങ്കിലും കേസ്സുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ ; അതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ